108 (274) കെ.എസ്.ഇ.ബി. യുടെ ടൂറിസം വികസന പരിപാടികൾ

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി. ടൂറിസം വികസിപ്പിക്കുന്നതിനുവേണ്ടി എന്തെങ്കിലും പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ.എസ്.ഇ.ബി. ടൂറിസം വികസിപ്പിക്കുന്നതിനുവേണ്ടി "കേരള ഹൈഡൽ ടൂറിസം സെന്റർ" (കെ.എച്ച്.ടി.സി) എന്ന പേരിൽ ഒരു സൊസൈറ്റി 1.12.99 ൽ രജിസ്റ്റർ ചെയ്തു. ആദ്യ ഘട്ടത്തിൽ മൂന്നാർ, മാട്ടുപ്പെട്ടി, ഇടുക്കി എന്നീ പദ്ധതി പ്രദേശങ്ങളിലാണ് ഹൈഡൽ ടൂറിസവുമായി ബന്ധപ്പെട്ട പരിപാടികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. അതിന്റെ പ്രാരംഭ നടപടികൾക്കായി ബോർഡ് പത്തുലക്ഷം രൂപ വായ്പയായി സംഘത്തിന് നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.

109 (275) സഹകരണ അക്കാദമി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ;
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. എ.കെ. മണി :
ശ്രീ. വി.ജെ. പൗലോസ് ;
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ അക്കാദമി ഇതുവരെ എന്തെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയിട്ടുണ്ട്;

(ബി) ഈ അക്കാദമിയ്ക്ക് സഹകരണ സ്ഥാപനങ്ങൾ സംഭാവന നൽകണമെന്ന് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഇതനുസരിച്ച് ഓരോ സഹകരണ സ്ഥാപനവും എന്തു തുക വീതം സഹകരണ അക്കാദമിക്ക് സംഭാവന ചെയ്തിട്ടുണ്ട്;

(ഡി) ഈ അക്കാദമിയിലും അതിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും ഇതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്;

(ഇ) ഈ നിയമനങ്ങൾ നടത്തിയ രീതി എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ വടകരയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് തുടങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംഭാവന നൽകുന്നതിന് അനുവാദം നൽകുന്നതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) കേരള സംസ്ഥാന സഹകരണ ബാങ്ക് - 1 കോടി
തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് - 75 ലക്ഷം
എറണാകുളം ജില്ലാ സഹകരണ ബാങ്ക് - 75 ലക്ഷം
കൊല്ലം ജില്ലാ സഹകരണ ബാങ്ക് - 50 ലക്ഷം
ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് - 75 ലക്ഷം
കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് - 50 ലക്ഷം
പാലക്കാട് ജില്ലാ സഹകരണ ബാങ്ക് - 50 ലക്ഷം
പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് - 1 ലക്ഷം

(ഡി) അക്കാദമി ഓഫീസ് - 2 നിയമനം
എഞ്ചിനീയറിംഗ് കോളേജ് - 8 നിയമനം
മെഡിക്കൽ കോളേജ് - 1 നിയമനം

(ഇ) ഇവരെ കരാർ അടിസ്ഥാനത്തിലാണ് നിയമിച്ചിട്ടുള്ളത്.

110 (276) സഹകരണമേഖലയിൽ പ്രൊഫഷണൽ കോളേജുകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയിൽ പുതിയ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുമ്പോൾ ചേർപ്പ് മണ്ഡലത്തിൽ ഒരു പ്രൊഫഷണൽ കോളേജ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) തൃശൂർ ജില്ലയിൽ സഹകരണമേഖലയിൽ പുതിയ കോളേജുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് പുതിയ കോളേജുകൾ സഹകരണ മേഖലയിൽ തുടങ്ങുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) സഹകരണ മേഖലയിൽ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ, സ്ഥലം പരിഗണിക്കപ്പെടുന്ന വേളയിൽ ഇക്കാര്യം അക്കാദമി പരിശോധിക്കുന്നതാണ്.

(ബി) തീരുമാനിച്ചിട്ടില്ല.

(സി) സംസ്ഥാനത്തിന്റെ സാങ്കേതിക വിദ്യാഭ്യാസരംഗത്തെ പിന്നോക്കാവസ്ഥ കണക്കിലെടുത്താണ് സഹകരണമേഖലയിൽ പ്രൊഫഷണൽ കോളേജുകൾ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly